പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1546

01-11-2019-ൽ മറുപടിക്ക്

## നബാർഡിൽ നിന്നും കാർഷിക മേഖലയ്ക്ക് ലഭിച്ച സഹായം

**ചോദ്യം**

**ശ്രീ. യു.ആർ. പ്രദീപ്**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

<table>
<tr>
<td>(എ)</td>
<td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷികമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നബാർഡിന്റെ വായ്പയായി എത്ര കോടി രൂപ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;</td>
<td>(എ)</td>
<td>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, നബാർഡ് ആർ.ഐ.ഡി.എഫ്. 22, 24, 25 എന്നീ സ്കീമുകളിലുൾപ്പെടുത്തി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് 109.85 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>നബാർഡ് സ്കീം</th><th>പ്രോജക്ടുകളുടെ എണ്ണം</th><th>ഭരണാനുമതി തുക (കോടി)</th></tr>
<tr><td>ആർ.ഐ.ഡി.എഫ്-22</td><td>26</td><td>67.98</td></tr>
<tr><td>ആർ.ഐ.ഡി.എഫ്-24</td><td>5</td><td>23.81</td></tr>
<tr><td>ആർ.ഐ.ഡി.എഫ്-25</td><td>3</td><td>18.06</td></tr>
<tr><td colspan="2">ആകെ</td><td>109.85</td></tr>
</table>
കാർഷികോല്പന്നങ്ങളുടെയും മറ്റ് ഭക്ഷ്യധാന്യങ്ങളുടെയും ശാസ്ത്രീയമായ സംഭരണാവശ്യത്തിലേയ്ക്കായി പുതിയ ഗോഡൗണുകൾ നിർമ്മിക്കുന്നതിനും പഴക്കമേറിയ ഗോഡൗണുകളുടെ നവീകരണത്തിനുമായി നബാർഡ് ആർ.ഐ.ഡി.എഫ് XVII പദ്ധതിയിൻ കീഴിൽ 8,08,89,000/- രൂപ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്.</td>
</tr>
</table>

| | | | |
|---|---|---|---|
| | | | നബാർഡിന്റെ ആർ.ഐ.ഡി.എഫ് 22, 24, 25 ഘട്ടങ്ങളിലെ 57 പദ്ധതികളിൽ 9156.43 ലക്ഷം രൂപ നബാർഡ് വായ്പയായി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് അനുവദിച്ചിട്ടുണ്ട്<br>കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നബാർഡിന്റെ വായ്പയായി 33.57 കോടി രൂപ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് നൽകിയിട്ടുണ്ട്. |
| (ബി) | 2018 , 2019 വർഷങ്ങളിലെ പ്രളയത്തിൽ കാർഷിക മേഖലയ്ക്കുണ്ടായ കനത്ത നഷ്ടം കണക്കിലെടുത്ത് നബാർഡിൽ നിന്നും പ്രത്യേക പദ്ധതികൾ അനുവദിച്ച കിട്ടിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | 2018 , 2019 വർഷങ്ങളിലെ പ്രളയത്തിൽ കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടം കണക്കിലെടുത്ത് നബാർഡിൽ നിന്നും കൃഷി വകുപ്പിന് പ്രത്യേക പദ്ധതികളൊന്നും തന്നെ അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ